# നമ്മുടെ വിദ്യാഭ്യാസം

**കെ.ഇ.എൻ.**

*മലയാളം വിഭാഗം ഫാറൂഖ് കോളേജ്*

*സംസാരിക്കുന്നു.*

*അവതരണം: **പി.വി.മുഹമ്മദ് കോയ***

***രണ്ടാം വർഷം ബി.എ.മലയാളം***

*കേരളപ്പിറവി സമയത്ത് നമുക്ക് ഒരു സർവ്വകലാശാല മാത്രമാണുണ്ടായിരുന്നത്. ഇന്നത് ആറായി മാറിയിരിക്കുന്നു. കൂടാതെ ചിലത് ആരംഭ ദശയിലും ഉന്നത വിദ്യാഭ്യാസമടക്കം വിദ്യാഭ്യാസരംഗത്ത് സ്ഥാപനങ്ങളുടേയും സൗകര്യങ്ങളുടേയും അടിസ്ഥാനത്തിൽ പുരോഗതിയുടെ പന്ഥാവിലൂടെ നൂതനയുടെ മികവിലേക്ക് അനുദിനം ചരിച്ചുകൊണ്ടിരിക്കയാണ് നമ്മൾ. പക്ഷേ നമ്മുടെ വിദ്യാഭ്യാസം എത്രമാത്രം കുറ്റമറ്റതാണ്. സർവ്വകലാശാലകൾ ബുരുദങ്ങൾ നിർമ്മിക്കുന്ന ഫാക്ടറികൾ മാത്രമാണോ–വിദ്യാഭ്യാസം ജനങ്ങളിലേക്ക് ഇറങ്ങി വരുന്നുണ്ടോ? കാർഷികവ്യവസായിക മേഖലകളിലും ശാസ്ത്രസാങ്കേതികരംഗങ്ങളിലും വിദ്യാഭ്യാസത്തിനുള്ള സ്വാധീനം തുടങ്ങിയ ധാരാളം പ്രശ്നങ്ങൾ ഇന്ന് നിലകൊള്ളുന്നുണ്ട്. ഈ വിഷയത്തെക്കുറിച്ച് പ്രശസ്ത ചിന്തകനും നിരൂപകനുമായ കെ. ഇ. എൻ. സംസാരിക്കുന്നു.*

***? വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങളെക്കുറിച്ച് ധാരാളമായി കേൾക്കുന്നു. വിദ്യാഭ്യാസരംഗത്തെക്കുറിച്ചുള്ള താങ്കളുടെ കാഴ്ചപ്പാടുകൾ ഒന്നു വിശദീകരിക്കാമോ?***

✍ വിദ്യ നമ്മുടെ സ്വപ്നങ്ങളെ വികസിപ്പിക്കുന്നതായിരിക്കണം. നമ്മുടെ സ്വപ്നങ്ങൾക്ക് മാനുഷികമായ നിറം നൽകാൻ വിദ്യാഭ്യാസത്തിന് സാധിക്കണം. അഗാധമായ ബന്ധങ്ങൾ രൂപപ്പെടുത്താനും സംഭവങ്ങളെ അഥവാ പ്രശ്നങ്ങളെ അപഗ്രഥിക്കാനും അത് സഹായിക്കണം. നിലനിൽക്കുന്ന ഉൽപാദന വ്യവസ്ഥയുമായി വിദ്യാഭ്യാസത്തെ കണ്ണിചേർക്കണം. അതോടൊപ്പം നിലനിൽക്കുന്ന അവസ്ഥയിൽ നിന്ന് നിലവിൽ വരേണ്ട അവസ്ഥയിലേക്ക് കടന്നു നിൽക്കാനുള്ള കഴിവ് നമുക്ക് നൽകാനും വിദ്യാഭ്യാസത്തിന് കഴിയണം. അത് ഭാവാത്മകമായിരിക്കുകയും വേണം. എന്നാൽ ഇന്നുള്ള വിദ്യാഭ്യാസം ഇതിനെല്ലാം എതിരാണ്. നീണ്ടകാലത്തെ വിദ്യാഭ്യാസത്തിലൂടെ കുറെ വസ്തുതകളും വിവരങ്ങളുമാണ് പ്രധാനമായും വിദ്യാർ ത്ഥികൾക്ക് കിട്ടുന്നത്. ഈ വസ്തുതകളും വിവരങ്ങളും എങ്ങനെ നമ്മുടെ സാമൂഹിക ജീവിതത്തിൽ ഉപയോഗപ്പെടുത്താൻ പറ്റും എന്നതിനെക്കുറിച്ച് നമുക്ക് യാതൊരു ധാരണയുമില്ല. അതുകൊണ്ടു തന്നെ ഒരു ക്ലാർക്ക് ജോലിക്ക് വേണ്ടി എം. എ. വരെ പഠിക്കേണ്ട അവസ്ഥയെക്കുറിച്ച് നമുക്കൊട്ടും ആശങ്കയുമില്ല!

യഥാർത്ഥത്തിൽ ഒരു ക്ലാർക്ക് ജോലിക്ക് വേണ്ടി എം . എ. വരെ പഠിക്കേണ്ട ആവശ്യമില്ല. ക്ലറിക്കൽ ജോലി ചെയ്യാൻ രണ്ടു കൊല്ലമോ, മൂന്നു കൊല്ലമോ നിലനിൽക്കുന്ന പരിശീലനം കൊണ്ട് സാധിക്കും. അത് ഏകദേശം 8ാം ക്ലാസ് കഴിഞ്ഞ് മൂന്ന് കൊല്ലം നിലനിൽക്കുന്ന ഒരു പരിശീലനംകൊണ്ട് തന്നെ സാമാന്യം നല്ല ഒരു ക്ലാർക്കിനെ സൃഷ്ടിക്കാൻ സാധിക്കും. പകരം എം. എ. വരെ പഠിച്ച് വരുമ്പോൾ സമൂഹം അയാളുടെ വിദ്യാഭ്യാസത്തിന് വേണ്ടി ചെലവഴിക്കുന്ന പണവും അയാളുടെ അധ്വാനവും എല്ലാം നഷ്ടമാണ്. ഇത് സൂചിപ്പിക്കുന്നത് വിദ്യാഭ്യാസത്തെക്കുറിച്ച് നമുക്ക് നമ്മുടേതായ ഒരു സമീപനം വികസിപ്പിക്കാൻ കഴിഞ്ഞിട്ടില്ല എന്നതാണ്. വിദ്യാഭ്യാസം ഒരു ചടങ്ങ് മാത്രമാവുമ്പോൾ നമുക്ക് നഷ്ടമാവുന്നത് സ്വന്തം **ജീവിത**മാണ്.

***? വികലവും അപകടവുമായ വിദ്യാഭ്യാസരീതിയാണിന്ന് നിലകൊള്ളുന്നത് എങ്കിൽ നിലവിലുള്ള പരീക്ഷാസമ്പ്രദായത്തെ അതെങ്ങനെ ബാധിക്കുന്നു?***

✍ നിലവിലുള്ള പരീക്ഷകൾ ചെയ്യുന്നത് വിദ്യാർത്ഥിയുടെ കഴിവിനെ പരിശോധിക്കുകയല്ല. മറിച്ച് കഴിവ് കേട് എവിടെയാണ് എന്ന് കണ്ടുപിടിക്കാൻ പാട്പെടുകയാണ്. അതുപോലെതന്നെ അപഗ്രഥിക്കാനും ഉദ്ഗ്രഥിക്കാനുമുള്ള നമ്മുടെ കഴിവിനെ അത് പരിഗണിക്കുന്നില്ല. യാന്ത്രികമായ ഒരു ഓർമ്മശക്തിയിലാണ് അത് ഊന്നുന്നത്. യാന്ത്രികമായ ഓർമ്മശക്തി എന്നുള്ളത് ഇന്ന് കാലഹരണപ്പെട്ടിട്ടുണ്ട്. ഒരു കാൽക്കുലേറ്ററിന് കഴിയുന്ന കാര്യം മനുഷ്യന് കഴിയുമോ എന്ന് പരീക്ഷിക്കുന്നത് തന്നെ അസംബന്ധമാണ്. മനുഷ്യൻ കാൽക്കുലേറ്ററിനെക്കാളും കമ്പ്യൂട്ടറിനെക്കാളുമെല്ലാം മുകളിലാണ്. മനുഷ്യനെ യന്ത്രത്തിന്റെ മുന്നിൽ കാണുന്നതിന് പകരം യന്ത്രത്തിന്റെ പിന്നിൽ കെട്ടിയിരിക്കയാണ് ഇന്നത്തെ രീതി. ചരിത്രത്തിന്റെ ഒരു കാലഘട്ട



ത്തിന്റെ പ്രസക്തമായിരുന്നു യാന്ത്രികമായ ഓർമ്മ. പക്ഷേ ഇന്നത്തെ കാലഘട്ടത്തിലതിന് കാലഹരണം വന്നു കഴിഞ്ഞു. ആ ഓർമ്മയാണ് ഇന്ന് പരീക്ഷ പരിശോദിക്കുന്നത്. അതുകൊണ്ട് നിലവിലുള്ള പരീക്ഷ ഒരു പരിധിവരെ പ്രാകൃതമാണ്.

? കോളേജുകളിലെ ബോധനം മൊത്തത്തിൽ ഗൈഡുകളുടേയും പഴയടീച്ചിംഗ് നോട്ടുകളുടേയും അടിസ്ഥാനത്തിലാവുന്നു. ഇത് കൂടുതൽ 'സമർത്ഥമായി' ചെയ്യുന്ന കോളേജുകൾ ഉയർന്ന 'നിലവാരം' പുലർത്തുന്നതായി വ്യാഖ്യാനിക്കപ്പെടുകയും ചെയ്യുന്നു. സർഗാത്മകതയും വൈദഗ്ധ്യവും വളർത്തുന്നതിലും സമൂഹപുരോഗതിക്ക് നേതൃത്വം കൊടുക്കാൻ കഴിവുള്ളവരെ സൃഷ്ടിക്കുന്നതിലുമുള്ള പരാജയമല്ലേ ഇത് കാണിക്കുന്നത്?

**വിദ്യാഭ്യാസത്തിന്റെ മൗലികമായ തത്വങ്ങൾ രണ്ട് കാര്യങ്ങളിലൊതുക്കാവുന്നതാണ്. ഒന്ന്, സ്വന്തമായി ഭാഷ ഉപയോഗിക്കാനുള്ള കഴിവ് രണ്ട്, സ്വന്തമായി ചിന്തിക്കാനുള്ള കഴിവ്**

✍ ഗൈഡുകൾ മുഖേനെ അനുകരണത്തിന്റെ അനുകരണമായി പഠനങ്ങൾ മാറ്റപ്പെട്ടിരിക്കുന്നു. ക്ലാസ്മുറികളിൽ നോട്ട് നൽകുക എന്ന സമ്പ്രദായം വളരെ വരണ്ട രീതിയാണ്. അത് സ്വതന്ത്രമായ അന്വേഷണത്തെ തടസ്സപ്പെടുത്തും. അതുകൊണ്ട്. വിദ്യാഭ്യാസത്തിന്റെ മൗലീകമായ തത്വങ്ങൾ രണ്ട് കാര്യങ്ങളിൽ ഒതുക്കാവുന്നതാണ് ഒന്ന് സ്വന്തമായി ഭാഷയിലൂടെ മനോഹരമായി ആഷയങ്ങൾ അവതരിപ്പിക്കാനുള്ള കഴിവ് രണ്ട് സ്വന്തമായി ചിന്തിക്കാനുള്ള കഴിവ് ഈ രണ്ട് കഴിവിനും ഇന്നത്തെ വിദ്യാഭ്യാസ അവസ്ഥയിൽ യാതൊരു സാധ്യതയുമില്ല. സ്വന്തമായ ഭാഷയോ സ്വന്തമായ ചിന്തയോ അല്ല പരിഗണിക്കപ്പെടുന്നത് മറിച്ച് ഇന്ന് പരിഗണിക്കപ്പെടുന്നത് നിലവിലുള്ള ചട്ടക്കൂടിനനുസരിച്ച് കാര്യങ്ങൾ ചെയ്യുന്നുണ്ടോ എന്നതിന്നാണ്. അത്കൊണ്ട് തന്നെ ഇത് തീരെ അപര്യാപ്തവുമാണ്. ചുരുക്കത്തിൽ നമ്മൾ മുന്നോട്ട് വെക്കേണ്ടത് നിലവിലുള്ള ഉൽപാദനവ്യവസ്ഥയുമായി ബന്ധപ്പെടുന്ന വിദ്യാഭ്യാസമായിരിക്കണം. കാരണം എക്കാലത്തേയും വിദ്യാഭ്യാസത്തിന്റെ മൗലീകമായ ദൗത്യങ്ങളിൽ ഒന്ന് നമ്മുടെ സാമൂഹിക ജീവിതത്തെ സുഖമമാക്കുക എന്നതാണ്. ഈ സാമൂഹ്യജീവിതത്തെ സുഗമമാക്കണമെങ്കിൽ ഉൽപാദന പ്രവർത്തനങ്ങൾ നിരന്തരം നടക്കണം. ഈ ഉൽപാദനപ്രവർത്തനങ്ങളുമായി ബന്ധപ്പെടാൻ നമ്മുടെ വിദ്യാഭ്യാസത്തിന് കഴിയണം.

? കൊളോണിയൽ ഭരണം വിത്തെറിഞ്ഞുപോവുകയും പിന്നീടങ്ങോട്ട് വിതച്ചത് കൊയ്യുക എന്നല്ലാതെ ഒരിക്കൽ പോലും വളം ചേർത്തിട്ടില്ലാത്തതുമാണ് ഇന്ത്യൻ വിദ്യാഭ്യാസമെന്ന് പരക്കെ ആക്ഷേപമുണ്ടല്ലോ! ഇതിനെ താങ്കൾ ഏത് രീതിയിൽ സമീപിക്കുന്നു?

✍ ഇന്ത്യൻ വിദ്യാഭ്യാസം സത്യത്തിൽ ഇന്ത്യൻ

അവസ്ഥയുടെ സ്വാഭാവികമായ വളർച്ച അല്ല. മറിച്ച് കൊളോണിയൽ ആധിപത്യം കെട്ടിവെച്ച ഒരു വിദ്യാഭ്യാസമാണ് ഇന്നുള്ളത്. കൊളോണിയൽ വിദ്യാഭ്യാസമെന്നാൽ ബ്രിട്ടീഷുകാരന്റേതടക്കമുള്ള മറ്റെല്ലാ കൊളോണിയൽ താത്പര്യങ്ങളും സംരക്ഷിക്കുന്നതിന് വേണ്ടി സ്ഥാപിക്കപ്പെട്ടിട്ടുള്ള ഒന്നാണ്. ഉദാഹരണമായി കൊളോണിയൽ ഭരണകാലഘട്ടങ്ങളിൽ ബ്രിട്ടീഷുകർക്ക് താഴ്ന്ന തരത്തിലുള്ള ഉദ്യോഗസ്ഥൻമാരെ ബ്രിട്ടനിൽ നിന്നും ഇറക്കുമതി ചെയ്യാൻ പ്രയാസമായിരുന്നു. അതിനാൽ ഉയർന്നതലത്തിലുള്ള ഉദ്യോഗസ്ഥൻമാരെ ഇറക്കുമതിചെയ്യുകയും താഴ്ന്നതലത്തിലുള്ളവരെ ഇവിടെ ഉൽപ്പാദിപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്തു. അതിന് വേണ്ടി അവർ രൂപപ്പെടുത്തിയതാണ് കൊളോണിയൽ വിദ്യാഭ്യാസം, നമ്മുടെ പരിസരത്തെയോ അന്തരീക്ഷത്തേയോ, ചരിത്രത്തേയോ പരിഗണിക്കാതെ സ്ഥാപിച്ച വിദ്യാഭ്യാസ സമ്പ്രദായത്തെ നമ്മൾ അന്ധമായി പകർത്തുകയാണ് ചെയ്തത്. അതുകൊണ്ട് തന്നെ വിദ്യാഭ്യാസം നേടുന്നവർ സാമാന്യജനങ്ങളിൽ നിന്നു വേർപ്പെട്ടു. സത്യത്തിൽ തിരിച്ചാണ് വേണ്ടത്. ഒരു ജനതയിൽ വിദ്യാഭ്യാസം രൂപപ്പെട്ടു വരുമ്പോൾ അടുപ്പം കൂടുകയാണ് വേണ്ടത്. ഇവരുടെ വിദ്യാഭ്യാസം അകൽച്ചയ്ക്ക് കാരണമായി. അതിന്റെ കാരണം ഈ വിദ്യാഭ്യാസം നമ്മുടെ വിദ്യാഭ്യാസമായിരുന്നില്ല എന്നുള്ളതാണ്. പിന്നീട് വിദ്യാഭ്യാസരംഗത്ത് വന്ന പരിഷ്കാരങ്ങളൊക്കെത്തന്നെ മേൽത്തട്ടിലുള്ള ചില പരിഷ്കാരങ്ങൾ മാത്രമാണ്. അതിനു പകരം ഒരു പൊളിച്ചെഴുത്ത് ഒരു പൂർണ്ണമായിട്ടുള്ള മാറ്റം അനിവാര്യമാണ്. അപ്രകാരം മാറ്റണമെങ്കിൽ ഇന്നത്തെ രീതി മുഴുവൻ ഉടച്ചുവാർക്കേണ്ടിവരും. നമ്മുടെ കാർഷികവ്യവസ്ഥയായിട്ടും പരമ്പരാഗത കുടിൽ വ്യവസായമായിട്ടും കരകൗശലങ്ങളായിട്ടുമെല്ലാം ഇതിനെ കണ്ണിചേർക്കേണ്ടി വരും. ഇന്ന് ഇതൊന്നുമായിട്ട് കണ്ണിചേർക്കപ്പെട്ടിട്ടില്ല.

**?** നമ്മുടെ ചരിത്രത്തെ വികലമാക്കുന്നതിൽ കൊളോണിയൻ ഭരണത്തിനുള്ള പങ്കിനെക്കുറിച്ച് താങ്കൾക്ക് എന്താണ് പറയാനുള്ളത്?

✍ നമ്മൾ ഇന്ന് പഠിക്കുന്ന ചരിത്രത്തിൽ അയഥാർത്ഥങ്ങളായ ധാരാളം കാര്യങ്ങളുണ്ട്. ബ്രിട്ടീഷുകാർ തങ്ങളുടെ രാഷ്ട്രീയപരമായ നിലനിൽപ്പിന് വേണ്ടി രൂപപ്പെടുത്തിയ ഒന്നാണത്. ഇന്ത്യൻ ചരിത്രം ഇന്ത്യയുടെ ചരിത്രമായിരിക്കണം. വിവിധ ഭാഷകൾ സംസാരിക്കുന്ന വിവിധ തൊഴിലുകളിൽ ഏർപ്പെടുന്ന ജനങ്ങൾ തങ്ങളുടെ നിലനിൽപ്പിന് വേണ്ടി അവർ നടത്തിയ നിതാന്തശ്രമമാണ് സത്യത്തിൽ ഇന്ത്യൻ ചരിത്രം. അതിനു പകരം ഹിന്ദുചരിത്രമായിട്ടും മുസ്ലീം ചരിത്രമായിട്ടും അതിനെ വേർതിരിച്ചു. അങ്ങനെ അവർ ചരിത്രത്തിൽ ചതിക്കുഴികൾ ഉണ്ടാക്കി. ഇന്ന് നമ്മൾ ആ ചതിക്കുഴിയിൽ തന്നെ ചെന്ന് വീഴുകയാണ്! ഇന്നുള്ളത് യഥാർത്ഥ ചരിത്രമല്ല. ഭിന്നിപ്പിച്ച് ഭരിക്കുക എന്ന ലക്ഷ്യം സാധിച്ചെടുക്കാൻ വേണ്ടി വിജ്ഞാനത്തിന്റെ എല്ലാ മണ്ഡലങ്ങളെയും അവർ ഉപയോഗിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായിട്ട് അവർ എഴുതിയ ചരിത്രം മതചരിത്രമാണ്. ആ മതചരിത്രം തന്നെ അവർ ചെയ്തത് രാജാവിന്റെ അടിസ്ഥാനത്തിലാണ്. മുസ്ലീം രാജാവിനെ ഇസ്ലാംമതത്തിന്റെ പ്രതിനിധിയായും ഹിന്ദുരാജാവിനെ ഹിന്ദുമതത്തിന്റെ പ്രതിനിധിയായിട്ടും ആണവർ കണ്ടത്. അല്ലാതെ രാജഭരണത്തെ അതിന്റെ രാഷ്ട്രീയമായ അർത്ഥത്തിലല്ല മതപരമായ അർത്ഥത്തിലാണ് കണ്ടത്. നമ്മുടെ ചരിത്രപുസ്തകങ്ങൾ നമ്മുടെ ചരിത്രയാഥാർത്ഥ്യത്തെ വിട്ടിട്ട് അവരുടെ രാഷ്ട്രീയ താത്പര്യത്തെ സേവിക്കാനാണ് ശ്രമിച്ചിട്ടുള്ളത്. അതുകൊണ്ട് പുതിയൊരു ചരിത്രം (ജനങ്ങളുടെ യഥാർത്ഥചരിത്രം) നമ്മൾ നിർമ്മിച്ചെടുക്കണം. അങ്ങനെ നിർമ്മിച്ചെടുക്കാൻ ഉതകുന്ന രീതിയിലല്ല ഇന്നത്തെ സാമൂഹ്യപാഠപുസ്തകങ്ങൾ. സാമൂഹ്യപാഠപുസ്തകത്തിന്റെ പേര് സാമൂഹ്യപാഠം എന്നാണെങ്കിലും അതിൽ സാമൂഹ്യബോധം കുറവാണ്. കാരണം സാമൂഹ്യബോധം ലക്ഷ്യം വെക്കേണ്ടത് ജാതി മതവിഭജനത്തിലല്ല, മറിച്ച് ഒരു ജനത എങ്ങനെ ചരിത്രം സൃഷ്ടിച്ചു. എന്നുള്ളതിലാണ്. കൊസാംബിയുടെ പ്രസിദ്ധമായ ഒരു പ്രയോഗമുണ്ട്. ഏത് രാജാവ് ഭരിച്ചുവെന്നുള്ളതോ–ഏത് രാജാവ് മരിച്ചുവെന്നുള്ളതോ അല്ല പ്രധാനം. ഒരു ജനതയ്ക്ക് കലപ്പ ഉപയോഗിക്കുവാൻ കഴിയുമായിരുന്നുവോ എന്നതാണ് പ്രധാനം. നമ്മൾ നടത്തിയ ഉൽപ്പാദന പ്രവർത്തനങ്ങളെക്കുറിച്ചോ, അതിനുപയോഗിച്ച ഉപകരണങ്ങളെക്കുറിച്ചോ ജനതയെക്കുറിച്ചോ അല്ല ചരിത്രത്തിലുള്ളത്. സത്യത്തിൽ ചരിത്രം സൃഷ്ടിച്ച ജനങ്ങൾ ഇന്ന് ചരിത്രത്തിലില്ലാത്തവരാണ്. അത്കൊണ്ട് യഥാർത്ഥ ചരിത്രം നിർമ്മിക്കുമ്പോൾ ഇന്ന് ചരിത്രത്തിലില്ലാത്തവരെ മുന്നിൽ കൊണ്ടു വരേണ്ടതാണ്.

**?** ജാതിമതഭേദമനുസരിച്ച് വിദ്യാഭ്യാസസ്ഥാപനങ്ങൾ നൽകുന്ന സമ്പ്രദായം ഇന്ന് നിലവിലുണ്ടല്ലോ. അതിനെക്കുറിച്ച്..?

✍ ഇതൊരു സങ്കീർണ്ണമായ പ്രശ്നമാണ്. അതായത് ലോകത്തെല്ലായിടത്തും ആദിവാസികൾ, ഗിരിവർഗക്കാർ അതുപോലെ പിന്നോക്ക വർഗക്കാർ ഇവർക്കെല്ലാം സൗകര്യങ്ങൾ നൽകുന്നുണ്ട്. അവരെ പരിഗണിക്കേണ്ടതുണ്ട് എന്നതാണ്. പൊതുവിൽ ജനാധിപത്യപരമായ കാഴ്ചപ്പാട്. ആ കാഴ്ചപ്പാടിൽ തെറ്റില്ല. കാരണം നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ട ഒരു ജനതയെ സാമൂ

ഹ്യവും സാംസ്കാരികവുമായുള്ള അവസ്ഥയിലേക്ക് കൊണ്ടുവരാൻ നടത്തുന്ന ജനാധിപത്യപരമായ ശ്രമത്തിന്റെ ഭാഗമാണത്. ആ നിലയ്ക്ക് അത് അംഗീകരിക്കപ്പെടാവുന്നതാണ്. അതേ സമയം അതാത് സാമൂഹ്യവിഭാഗങ്ങളുടെ ഒരു ന്യൂനപക്ഷം ഈ ആനുകൂല്യത്തെ അവരുടെ സങ്കുചിതമായ താൽപര്യങ്ങൾക്ക് വേണ്ടിയും വിഭാഗീയ താൽപര്യങ്ങൾക്ക് വേണ്ടിയും ഉപയോഗപ്പെടുത്തുന്നുണ്ട്. അത് ചെറുക്കപ്പെടേണ്ടതാണ്. പ്രധാനമായും ഇന്ന് നാം ഊന്നേണ്ടത് മതേതരകാഴ്ചപ്പാടിനായിരിക്കണം. മതേതരമായ കാഴ്ചപ്പാടെന്നു പറഞ്ഞാൽ എല്ലാ ജനവിഭാഗങ്ങൾക്കും അവരുടെ സാമൂഹികവും സാംസ്കാരികവുമായ അഭിപ്രായങ്ങൾ നിലനിർത്തികൊണ്ട് തന്നെ പരസ്പരം ഒന്നിച്ച് നിൽക്കാനുള്ള അന്തരീക്ഷം സൃഷ്ടിക്കുക എന്നുള്ളതിലാണ് അതായത് ഒരു തുറന്ന സമൂഹത്തിന്റെ തത്വചിന്തയാണ് മതേതരത്വം. ഒരു സമൂഹം അടയുമ്പോഴാണ് അകൽച്ച ഉണ്ടാവുന്നത്. അങ്ങനെ അകൽച്ച ഉണ്ടാക്കാൻ ഇടയാകുന്ന തരത്തിലാവരുത് ഓരോ ജനവിഭാഗത്തിനും അനുകൂല്യം നൽകുന്നത്.

> ചരിത്രത്തിന്റെ ഒരു കാലഘട്ടത്തിന്റെ പ്രസക്തമായിരുന്നു യാന്ത്രികമായ ഓർമ്മ. പക്ഷേ ഇന്നത്തെ കാലഘട്ടത്തിലതിന് കാലഹരണം വന്നു കഴിഞ്ഞു. ആ ഓർമ്മയാണ് ഇന്ന് പരീക്ഷ പരിശോധിക്കുന്നത്. അത് കൊണ്ട് നിലവിലുള്ള പരീക്ഷ ഒരു പരിധിവരെ പ്രാകൃതമാണ്.

**?** സാങ്കേതിക വിദ്യാഭ്യാസത്തെക്കുറിച്ച്?

✍ സാങ്കേതിക വിദ്യയാണ് പ്രധാനം, അഥവാ, സാങ്കേതിക വിദ്യയുടെ മണ്ഡലത്തിലുള്ള ജ്ഞാനമാണ് പരമപ്രധാനം എന്നൊരു ധാരണ സമൂഹത്തിൽ പരക്കെ കാണുന്നുണ്ട്. ഉൽപാദനരംഗവുമായി ബന്ധപ്പെട്ട് സാങ്കേതി വിദ്യയ്ക്ക് തീർച്ചയായും ഒരു സ്ഥാനമുണ്ട്. അത് അവഗണിക്കാൻ പറ്റില്ല. പക്ഷേ സാങ്കേതിക വിദ്യയുടെ ഒരു അനുബന്ധമായി മനുഷ്യ ജീവിതത്തെ വെട്ടിച്ചുരുക്കാനുള്ള ശ്രമം വികലവും വികൃതവുമായ ഒന്നാണ്. അതേപോലെ കല, സാഹിത്യം ഭാഷ തുടങ്ങിയവയൊക്കെ അപ്രസക്തമാണെന്നു സാങ്കേതിക വിദ്യമാത്രമാണ് പ്രസക്തമെന്നുമുള്ള ഒരു ധാരണ അറിയാതെ വിദ്യാഭ്യാസരംഗത്തും കടന്നുവന്നിട്ടുണ്ട്. ഇത് തീർത്തും അപകടകരമാണ്. കാരണം അത് മനുഷ്യത്വമില്ലാത്ത ഒരു യാന്ത്രിക സമുദായത്തിന്റെ പിറവിയിലേക്ക് നയിക്കും. അതുകൊണ്ട് സാങ്കേതിക വിദ്യയെ ആരാധിക്കുകയോ -എതിർക്കുകയോ അല്ല ചെയ്യേണ്ടത് സാങ്കേതിക വിദ്യ സമുദായത്തിലാണ് പ്രയോഗിക്കേണ്ടത് എന്നു മനസ്സിലാക്കുകയാണ് പ്രധാനം.അത് കൊണ്ട് ഇത് പ്രവർത്തിപ്പിക്കുവാനുള്ള കഴിവ് നേടുന്നതോടൊപ്പം സാമൂഹ്യബോധം കൂടെ നേടിയിരിക്കണം. ഇന്ന് നടക്കുന്നത് വിദ്യാർത്ഥികളെ സാങ്കേതിക വിദ്യയുടെ കീഴാളരാക്കുകയാണ്. ഈ രീതി മാറ്റപ്പെടേണ്ടതുണ്ട്. സാങ്കേതിക വിദ്യയ്ക്കുകൊടുക്കുന്ന അതേ പ്രാധാന്യം സാഹിത്യത്തിനും കലയ്ക്കും തത്വശാസ്ത്രത്തിനും മറ്റും കൊടുത്താൽ മാത്രമേ സാങ്കേതിക വിദ്യശരിയായ രീതിയിൽ നമ്മുടെ സമുദായത്തിൽ പ്രയോഗിക്കാൻ പറ്റൂ.

**?** ഇന്ന് വിദ്യാഭ്യാസം പൂർത്തിയാക്കിയ ഒരാൾ വെള്ളക്കോളർ ജോലി ലഭിക്കാൻ മാത്രമെ ശ്രമം നടത്തുന്നുള്ളൂ. മറിച്ച് കായികാധ്വാനത്തിന്റെ പാതയിലേക്ക് എത്തിനോക്കാൻ പോലും മുതിരുന്നില്ല. ഇതിനെ താങ്കൾ എങ്ങനെ വിലയിരുന്നുന്നു...?

✍ ഇതിന് രണ്ടുമൂന്നു കാരണങ്ങളുണ്ട്. ഒന്ന് കായികാധ്വാനം, മാനസികാധ്വാനം എന്നുള്ള വേർതിരിവ്. അതിൽ കായികാധ്വാനം മ്ലേഛമാണ് എന്നും മാനസികാധ്വാനം ശ്രേഷ്ഠമാണ് എന്നുമുള്ള ധാരണ. ഇത് കോളോണിയൽ സൃഷ്ടിയാണ്. കായികാധ്വാനം എന്നത് രണ്ടാം തരമായും മാനുസികാധ്വാനം എന്നത് ഒന്നാം തരമായും സമൂഹം കരുതുന്നു. ഇന്ന കോളേജുകളിൽ പോവുക എന്നത് കായികാധ്വാനത്തോട് വിട ചോദിക്കലാണ്. എന്നിട്ട് മാനസികാധ്വാനത്തിലേക്കുള്ള ഒരു സ്ഥാനക്കയറ്റമാണ് എന്നൊരു ധാരണയാണ് നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്നത്. ഇത് ശരിയല്ല. ശാരീരികാധ്വാനവും മാനസികാധ്വാനവും ഒരു പോലെ ബഹുമാനിക്കപ്പെടേണ്ടതാണെന്നും ശാരീരികാധ്വാനത്തിന്റെ മണ്ഡലത്തിലും വൈദഗ്ധ്യം വേണ്ടതാണ് എന്നും അതും പരിശീലിപ്പിക്കപ്പെടേണ്ടതാണ് എന്നും അവിടേയും സർഗ്ഗത്മകത നിലകൊള്ളുന്നുണ്ട് എന്നും നാം തിരിച്ചറിയണം. കായികാധ്വാനവും മാനസികാധ്വാനവും എന്ന വിഭജനം നമ്മുടെ സമൂഹത്തിന് അനിവാര്യമാണ്. എന്നിരുന്നാലും ഈ വിഭജനം നിലനിൽക്കെത്തന്നെ ഒന്ന് മുകളിൽ ഒന്ന് താഴെ എന്നു ആധിപത്യ വിധേയത്വ ബോധം അവസാനിപ്പിക്കണം. രണ്ടാമത്തേത് കായികാധ്വാനത്തിന്റെ മണ്ഡലത്തിൽ ഉദാഹരണമായി കൃഷി അതിന്റെ മണ്ഡലത്തിൽ ആളുകൾക്ക് കടന്ന് നിൽക്കാനുള്ള സാധ്യത കേരളത്തിൽ നന്നേ കുറവാണ്. കാർഷിക രംഗം അവഗണിക്കപ്പെടുകയാണ്. അങ്ങനെ അവഗണിക്കപ്പെടുന്ന ഒരു കാർഷികരംഗത്തിൽ കടന്നുനിന്നിട്ട് തന്റെ ജീവിതം പുലർത്താൻ കഴിയാത്ത ഒരു സാഹചര്യം വരുന്നു. ഇത്തരമൊരവസ്ഥയും ഇതിനു കാരണമാവുന്നു

**?** വിദ്യാർത്ഥികൾക്ക് ലൈംഗിക വിദ്യാഭ്യാസം നൽകണമെന്ന വാദത്തെ താങ്കളെങ്ങനെ കാണുന്നു...?

✍ 'സെക്സ്' മനുഷ്യ സമുദായത്തെ സാംബന്ധി

ച്ചിടത്തോളം വളരെ ഗൗരവമേറിയ ഒന്നാണ്. മനുഷ്യ സമുദായത്തിന്റെ രണ്ട് പ്രശ്നങ്ങളിൽ ഒന്ന് ഇരതേടലിന്റെയും മറ്റൊന്ന് ഇണചേരലിന്റെയും ആണ്. അതായത് ഉല്പാദനത്തിന്റെയും പ്രത്യുൽപാദനത്തിന്റെയും പ്രശ്നം. ഉല്പാദനം നിലച്ചുകഴിഞ്ഞാൽ മനുഷ്യന്റെ നിലനിൽപ് അസാധ്യമാണ്. പ്രത്യുൽല്പാദനം നിലച്ചു കഴിഞ്ഞാൽ മനുഷ്യവർഗ്ഗത്തിന്റെ നിലനില്പും അസാധ്യമാണ്. അതുകൊണ്ട് ഇതു രണ്ടും വളരെ അനിവാര്യമാണ് ഇപ്രകാരം അനിവാര്യമായ 'സെക്സി'നെ ഉപഭോഗ സാസ്ക്കാരത്തിന്റെ ഭാഗമായിട്ട് വളരെ വികലമായും വികൃതമായും ആണ് മാധ്യമങ്ങൾ അവതരിപ്പിക്കുന്നത്. അതുകൊണ്ട് തന്നെ സെക്സിനെ കുറിച്ച് ഒരു പാട് തെറ്റിദ്ധാരണകളും അവ്യക്തതകളും ഉണ്ടാവും. ഈ അവ്യക്തതകളേയും തെറ്റിദ്ധാരണകളേയും ചൂഷണം ചെയ്തുകൊണ്ട് ധാരാളം വ്യാജപ്രസിദ്ധീകരണങ്ങളും സമൂഹത്തിലിറങ്ങുന്നു. ഇത് ഇല്ലാതാക്കാനുള്ള ഒരേ ഒരു ഉപാധി ജനാധിപത്യരീതിയിലുള്ള ലൈംഗിക വിദ്യാഭ്യാസം മാത്രമാണ്. കോളേജ് തലത്തിൽ അത് നിർബന്ധമായും നൽകേണ്ടതുണ്ട്. ജന്തുവിന്റെ കാമമല്ല മനുഷ്യന്റെ രതി. ജന്തുവിനെ സംബന്ധിച്ചിടത്തോളം കാമം ജൈവപരം മാത്രമാണ്. മനുഷ്യന്റേത് സാംസ്ക്കാരികവും. അതുകൊണ്ട് രതിയെന്നുള്ളത് സാംസ്ക്കാരികമായ അന്വേഷണത്തിന്റെ മാണ്ഡലത്തിൽപ്പെട്ടതാണ്. അതുകൊണ്ട് അതിനെ ആ രീതിയിൽ വേണം കാണാൻ.

> സാമൂഹ്യപാഠപുസ്തകത്തിന്റെ പേര് സാമൂഹ്യപാഠം എന്നാണെങ്കിലും അതിൽ സാമൂഹ്യബോധം കുറവാണ്. കാരണം സാമൂഹ്യബോധം ലക്ഷ്യം വെക്കേണ്ടത് ജാതി മത വിഭജനത്തിലല്ല, മറിച്ച് ഒരു ജനത എങ്ങനെ ചരിത്രം സൃഷ്ടിച്ചു എന്നുള്ളതിലാണ്.

**?** ഇന്നത്തെ വിദ്യാർത്ഥി രാഷ്ട്രീയത്തെ താങ്കൾ എങ്ങനെ നോക്കി കാണുന്നു?

✍ ഉപരിപ്ലവമായ രാഷ്ട്രീയത്തിന്റെ അതിപ്രസരമാണ് കാമ്പസുകളിൽ ഇന്ന്. പഠനത്തിലും പാഠ്യേതര പ്രവർത്തനങ്ങളിലും പ്രകടമാവുന്ന സജീവ രാഷ്ട്രീയ ബോധം ഇന്ന് വിദ്യാർത്ഥികളിൽ കുറഞ്ഞു വരുന്നു. ഇത് മാറണമെങ്കിൽ 'രാഷ്ട്രീയം' ക്ലാസ്മുറികളിൽ വ്യാപിക്കണം. മിക്ക കാമ്പസുകളിൽ ഇന്ന് ദിശാബോധം നഷ്ടപ്പെട്ടിരിക്കുന്നു. മർക്കുകൾ ലക്ഷ്യമാക്കി മാത്രമുള്ള പഠനം വിരസമാകുന്നു. അതിനാൽ പൊള്ളയല്ലാത്തദിശാബോധമുള്ള രാഷ്ട്രീയം അനിവാര്യമാണ്. ഇന്ന് കാമ്പസിൽ രാഷ്ട്രീയം ഉള്ളതല്ല പ്രശ്നം. ശരിയായ രാഷ്ട്രീയം വേണ്ടവിധത്തിൽ ഇല്ല എന്നുള്ളതാണ്. സമരങ്ങൾ ചില ഘട്ടങ്ങളിൽ അനിവാര്യമാകും. സാധാരണ ഘട്ടത്തിൽ പഠിപ്പുമുടക്കൽ ആവശ്യമായ സമയങ്ങളിൽ നടത്തി മറ്റ് സന്ദർഭങ്ങളിൽ പ്രതിഷേധം പ്രകടിപ്പിച്ച് പഠനത്തിന് പരിക്ക് പറ്റാത്ത രീതിയിലുള്ള ഒരു ക്രമീകരണം രൂപപ്പെടുത്താൻ വിദ്യാർത്ഥി സംഘടനകൾ ശ്രമിക്കേണ്ടിയിരിക്കുന്നു.

**?** വിദ്യാർത്ഥികൾക്കിടയിൽ സാംസ്ക്കാരിക സംഘടനകൾ ഏറെ കുറെ നിർജ്ജീവങ്ങളായി തീർന്നിരിക്കുന്നു എന്നഭിപ്രായത്തോട് താങ്കൾ എങ്ങനെ പ്രതികരിക്കുന്നു...?

✍ ജീവിതത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിന്റെ നഷ്ടപ്പെടലാണ് സാംസ്ക്കാരിക അധഃപതനത്തിനു കാരണം. കെട്ടിവെച്ച ഒരു ജീവിതരീതിയുടെ അടിമകളായി നമ്മൾ മാറുകയാണ്. ഇലക്ട്രോണിക് മാധ്യമങ്ങളുടെ വിമർശനരഹിതമായ ഉപയോഗം നമ്മുടെ ജീവിതത്തെ ഉപരിപ്ലവമാക്കുകയാണ് കാമ്പോളവത്കരണം ജീവിതത്തിൽ ആധിപത്യം സ്ഥാപിക്കുമ്പോൾ നമ്മുടെ സംസ്ക്കാരം ഒരു സ്തംഭനത്തെ അഭിമുഖീകരിക്കുന്നു. ആഗോളതലത്തിലുള്ള ഈ സ്തംഭനാവസ്ഥയുടെ പ്രതിഫലനമാണ് ഇത് കാമ്പസുകളിൽ പ്രകടമാവുന്നത്. ആഗോള വത്കരണത്തെ ചെറുക്കാൻ കെല്പുള്ള ആരോഗ്യപരമായ രാഷ്ട്രീയത്തിന്റെ അഭാവമാണ് ഈ സാസ്ക്കാരിക അധഃപതനത്തിന് കാരണം. ഉപരിപ്ലവമായ കാഴ്ചപ്പാട് നിലവാരമില്ലാത്ത പത്രങ്ങൾ, ചിത്രങ്ങൾ എന്നിവ ഉൽപാദിപ്പിക്കുന്ന ആലസ്യം. വിദ്യാർത്ഥികളിൽ വായനാശീലം കുറയാനിടയാക്കിയിട്ടുണ്ട്. ഓരോരുത്തരം അവരുടേതായ ലോകത്തിലേക്ക് വലിയുന്നു. ഇതിനെ മറികടക്കാൻ ശാസ്ത്രം ബോധം ജനകീയ ബോധമാക്കി മാറ്റണം. പാഠപുസ്തകങ്ങളിലോ സൂത്രവാക്യങ്ങളിലോ ഒതുങ്ങാതെ ജനങ്ങളുടെ പ്രശ്നങ്ങളുമായി ശാസ്ത്രത്തെ ബന്ധപ്പെടുത്തണം. വ്യത്യസ്തങ്ങളായ കാഴ്ചപ്പാടുകൾ തമ്മിൽ സ്വതന്ത്രവും ജനാധിപത്യപരവുമായ സംവാദത്തിന് സൗകര്യമൊരുക്കണം. പക്ഷേ ഇതും പൂർണ്ണമായ ഒരു പരിഹാരമല്ല. കാരണം അധഃപതനം കാമ്പസിൽ മാത്രം ഒറ്റപ്പെട്ടു കിടക്കുന്നതല്ലല്ലോ.